# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 15.02.2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് ഝാർഖണ്ഡിലെ റാഞ്ചി സന്ദർശിക്കും. ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 70-ാം വാർഷികാഘോഷത്തിൽ രാഷ്ട്രപതി പങ്കെടുക്കും.

   **President Draupadi Murmu will visit Ranchi, Jharkhand today. The President will attend the 70th anniversary celebrations of Birla Institute of Technology.**

2. ഇന്ത്യയിൽ ജനാധിപത്യം മികച്ച രീതിയിൽ മുന്നോട്ട് പോകുന്നതായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

   **External Affairs Minister S Jaishankar said that the democracy is well maintained in India.**

3. കാശി തമിഴ് സംഗമത്തിന്റെ മൂന്നാം പതിപ്പിന് ഇന്ന് ഉത്തർപ്രദേശിലെ വാരാണസിയിൽ തുടക്കം.

   **Kashi Tamil Sangamam (KTS) 3.0, an initiative fostering cultural and intellectual ties between Tamil Nadu and Kashi, will commence today in Varanasi, Uttar Pradesh.**

4. 17 വർഷങ്ങൾക്ക് ശേഷം ബി എസ് എൻ എല്ലിന്റെ വരുമാനത്തിൽ ലാഭം രേഖപ്പെടുത്തിയതായി കേന്ദ്ര സർക്കാർ.

**BSNL bounces back into profit for first time after 17 years, says Union Government.**

5. കോഴിക്കോട് നടക്കുന്ന 'സയന്റിസ്റ്റ് കോൺക്ലേവ്' പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ശാസ്ത്രജ്ഞരുമായി സംവദിക്കും.

**Chief Minister Pinarayi Vijayan will interact with scientists today at the 'Scientist Conclave' event being held in Kozhikode.**

6. ഐഎസ്എൽ ഫുട്ബോളിൽ ഹൈദരാബാദിനെതിരെ ഒഡീഷയ്ക്ക് ജയം. വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സിനെ പരാജയപ്പെടുത്തി ബെംഗളൂരു റോയൽ ചലഞ്ചേഴ്സ്.

**In ISL football, Odisha won against Hyderabad. Mewanwhile Bengaluru Royal Challengers defeated Gujarat Giants in the Women's Premier League Twenty20 cricket.**

*************************************

**HEADLINE-1**

## FUR. REV. EARLY PRESIDENT-KARNATAKA

രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് ഝാർഖണ്ഡിലെ റാഞ്ചി സന്ദർശിക്കും. മേസ്രയിലെ ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 70-ാം വാർഷികാഘോഷത്തിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. ഇന്നലെ കർണാടകയിലെ ബെംഗളൂരുവിൽ ആർട്ട് ഓഫ് ലിവിംഗ് സംഘടിപ്പിച്ച പത്താമത് അന്താരാഷ്ട്ര വനിതാ സമ്മേളനത്തിലും രാഷ്ട്രപതി മുർമു പങ്കെടുത്തിരുന്നു.

******************************

## VP-VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ജമ്മു സന്ദർശിക്കും. കത്രയിൽ ശ്രീ മാതാ വൈഷ്ണോ ദേവി സർവകലാശാല യുടെ 10-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. തുടർന്ന് മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിലും റിയാസി ജില്ലയിലെ ഭൈറോൺ ക്ഷേത്രത്തിലും ശ്രീ ധൻകർ ദർശനം നടത്തും.

******************************

## PM-ARRIVAL

ഫ്രാൻസ്-യുഎസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. സന്ദർശന വേളയിൽ ഫ്രാൻസിൽ നടന്ന എഐ ഉച്ചകോടിയിൽ അദ്ദേഹം സഹാധ്യക്ഷത വഹിച്ചു. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

******************************

### HEADLINE-2

## JAISHANKAR-MUNICH

ഇന്ത്യൻ ജനാധിപത്യത്തിൽ ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ച് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഇന്ത്യയിൽ ജനാധിപത്യം മികച്ച രീതിയിൽ നിലനിൽക്കുന്നതായും അദ്ദേഹം പറഞ്ഞു. ജർമ്മനിയിലെ മ്യൂണിക്ക് സെക്യൂരിറ്റി കോൺഫറൻസിൽ 'Live to Vote Another Day: Fortifying Democratic റെസിലിയൻസ്' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ആഗോളതലത്തിൽ ജനാധിപത്യം പ്രതിസന്ധിയിലാണെന്ന കാഴ്ചപ്പാടല്ല

തനിക്കെന്ന് ഇന്ത്യയുടെ ജനാധിപത്യത്തെ ഉയർത്തിക്കാട്ടി വിദേശകാര്യ മന്ത്രി പറഞ്ഞു.

******************************

## AMIT SHA-NATIONAL GAMES (INTRO)

രാജ്യത്തെ യുവാക്കൾക്ക് കായിക മേഖലയിൽ കൂടുതൽ അവസരങ്ങൾ തുറന്നു നൽകുന്ന പദ്ധതികളാണ് ഫിറ്റ് ഇന്ത്യയും ഖേലോ ഇന്ത്യയുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. കായിക മേഖലയിലെ അടിസ്ഥാന സൗകര്യം, കായിക താരങ്ങൾക്കുള്ള പ്രോത്സാഹനം, മികച്ച പരിശീലനം എന്നിവയിലൂടെ രാജ്യത്തെ കായിക താരങ്ങൾ ലോകശ്രദ്ധ നേടുന്നതായും അദ്ദേഹം പറഞ്ഞു. ഉത്തരാഖണ്ഡിലെ ഹൽദ്വാനിയിൽ 38-ാമത് ദേശീയ ഗെയിംസിന്റെ സമാപനസമ്മേളനത്തിൽ മുഖ്യ അതിഥിയായി പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ് വോയ്സ്........)

39-ാമത് ദേശീയ ഗെയിംസിന് വേദിയാകുന്ന മേഘാലയ്ക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി ഗെയിംസിൻറെ പതാക കൈമാറി.

******************************

## PRIME MINISTER’S AWARDS FOR EXCELLENCE

പൊതുഭരണ രംഗത്തെ മികവിന് നൽകുന്ന Prime Minister's Awards for Excellence 2024-നുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി അടുത്ത മാസം 21 വരെ നീട്ടി. അപേക്ഷകർക്ക് അവാർഡിനുള്ള അനുബന്ധ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് കൂടുതൽ സമയം നൽകിയതിനാലാണ് തീയതി നീട്ടിയത്. മികച്ച പ്രകടനം കാഴ്ചവെക്കുന്ന ജില്ലകൾ, കേന്ദ്ര - സംസ്ഥാന

സർക്കാരുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കാണ് പുരസ്ക്കാരം നൽകുന്നത്.

*****************************

## POI- AADI MAHOTSAV

ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമ്മു നാളെ ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. ഗോത്രവർഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഗോത്ര സമൂഹങ്ങളുടെ കരകൗശലം, സംസ്കാരം, ഭക്ഷണം തുടങ്ങിയവ പ്രചരിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. തങ്ങളുടെ ഉത്പന്നങ്ങൾ മറ്റുള്ളവർക്കിടയിൽ പ്രചരിപ്പിക്കാൻ ഗോത്രവർഗങ്ങൾക്ക് ലഭിക്കുന്ന അവസരമായിരിക്കും പരിപാടിയെന്ന് കേന്ദ്ര ഗോത്രവർഗ കാര്യ സഹമന്ത്രി ദുർഗാദാസ് ഉയികേ പറഞ്ഞു.

*****************************

**HEADLINE-3**

## REV. KASHI TAMIL SANGAMAM

കാശി തമിഴ് സംഗമത്തിന്റെ മൂന്നാം പതിപ്പിന് ഇന്ന് ഉത്തർപ്രദേശിലെ വാരാണസിയിൽ തുടക്കമാകും. തമിഴ്നാടും കാശിയും തമ്മിലുള്ള സാംസ്കാരിക ബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിയാണ് സംഗമം സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രി ധർമേദ്ര പ്രധാൻ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ തുടങ്ങിയവർ ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്യും. പത്ത് ദിവസത്തെ സംഗമം ഈ മാസം 24 ന് സമാപിക്കും. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഉൾപ്പെടെ വിവിധ മന്ത്രാലയങ്ങളും ഉത്തർപ്രദേശ് സർക്കാരും സംയുക്തമായിയാണ് കാശി തമിഴ് സംഗമം സംഘടിപ്പിക്കുന്നത്.

*****************************

HEADLINE-4

## SCINDIA - BSNL (INTRO)

17 വർഷങ്ങൾക്ക് ശേഷം ബി എസ് എൻ എല്ലിന്റെ വരുമാനത്തിൽ ലാഭം രേഖപ്പെടുത്തിയതായി കേന്ദ്ര സർക്കാർ. 2024-25 സാമ്പത്തിക വർഷത്തെ മൂന്നാം പാദത്തിൽ 262 കോടി രൂപയുടെ ലാഭം ലഭിച്ചതായി കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു. 2007 ശേഷം ആദ്യമായാണ് ബി എസ് എൻ എൽ ലാഭത്തിലാകുന്നത്. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

ബി എസ് എൻ എല്ലിന്റെ ഈ നേട്ടം പൊതു മേഖല സ്ഥാപനങ്ങളുടെ ശാക്തീകരണം എന്ന സർക്കാരിന്റെ പ്രതിബദ്ധതയുടെ തെളിവാണെന്നും ശ്രീ ജ്യോതിരാദിത്യ സിന്ധ്യ വ്യക്തമാക്കി.

******************************

HEADLINE-5

## CM-SCIENTIST CONCLAVE

മുഖ്യമന്ത്രി പിണറായി വിജയൻ ശാസ്ത്രജ്ഞരുമായി സംവദിക്കുന്ന 'സയന്റിസ്റ്റ് കോൺക്ലേവ്' പരിപാടി കോഴിക്കോട് ഇന്ന് നടക്കും. കുന്ദമംഗലത്തെ ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിൽ നടക്കുന്ന മുഖാമുഖം പരിപാടിയിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള ശാസ്ത്രജ്ഞരാണ് പങ്കെടുക്കുന്നത്.

******************************

## RAGING - KOTTAYAM

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിംഗുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ സുലേഖ എ.ടി.,

വാർഡന്റെ ചുമതലയുള്ള അസി. പ്രൊഫസർ അജീഷ് പി മാണി എന്നിവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. റാഗിംഗ് തടയുന്നതിലും ഇടപെടുന്നതിലും വീഴ്ച പറ്റിയെന്ന് കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിലാണ് നടപടി. ആരോഗ്യമന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറാണ് അന്വേഷണം നടത്തിയത്. ഹൗസ് കീപ്പർ കം സെക്യൂരിറ്റിയെ അടിയന്തരമായി നീക്കം ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട്.

******************************

## WAYANADU CENTRAL AID

വയനാട് ഉരുൾ പൊട്ടൽ പുനരധിവാസത്തിന് 529.50 കോടി രൂപയുടെ മൂലധന നിക്ഷേപവായ്പ അനുവദിച്ച് കേന്ദ്രസർക്കാർ. ടൗൺഷിപ്പ് അടക്കം 16 പദ്ധതികൾക്കാണ് കേരളം നൽകിയ കത്ത് പരിഗണിച്ച് വായ്പ അനുവദിച്ചത്. പലിശയില്ലാത്ത വായ്പ 50 വർഷം കൊണ്ട് തിരിച്ചടച്ചാൽ മതി. എന്നാൽ തുക വരുന്ന മാർച്ച് 31-ന് മുൻപ് വിനിയോഗിക്കണമെന്നാണ് നിർദ്ദേശം. എന്നാൽ മൂലധന നിക്ഷേപവായ്പ ചെലവഴിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സമയപരിധി പ്രായോഗികമല്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പ്രതികരിച്ചു.

******************************

### HEADLINE-6

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ ഒഡീഷ എഫ് സിയ്ക്ക് ജയം. ഹൈദരാബാദ് എഫ് സിയെ ഒന്നിനെതിരെ, മൂന്ന് ഗോളുകൾക്കാണ് പരാജയപ്പെടുത്തിയത്. കൊച്ചി കലൂർ സ്റ്റേഡിയത്തിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ്, മോഹൻ ബഗാനെ നേരിടും. ഐഎസ്എൽ മൽസരത്തോടനുബന്ധിച്ച് കൊച്ചി മെട്രോ രാത്രി 11 മണിവരെ സർവീസ് സമയം ദീർഘിപ്പിച്ചു.

******************************

HEADLINE-6a
## WPL

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിന്റെ മൂന്നാം സീസണിന് തുടക്കമായി. ഗുജറാത്തിലെ വഡോദരയിൽ നടന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ബെംഗളൂരു റോയൽ ചലഞ്ചേഴ്സ്, ഗുജറാത്ത് ജയന്റ്സിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ന് വൈകുന്നേരം നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

******************************

## CBSE EXAM

സിബിഎസ്ഇ 10, 12 ക്ലാസുകളിലേക്കുള്ള ബോർഡ് പരീക്ഷകൾ ഇന്ന് മുതൽ. പത്താം ക്ലാസ് പരീക്ഷകൾ മാർച്ച് 18 ന് അവസാനിക്കും, 12-ാം ക്ലാസ് പരീക്ഷകൾ ഏപ്രിൽ 4 നാണ് അവസാനിക്കുക. ഇന്ത്യയിലും വിദേശത്തുമായി 7,842 പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നായി 42 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പരീക്ഷയെഴുതും. രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ യാണ് പരീക്ഷകൾ നടക്കുന്നത്.

******************************

## WEATHER - HEAT

കേരളത്തിലെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സൂര്യാഘാത സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

******************************

## MAHAKUMBH IN PRAYAGRAJ:

പ്രയാഗ്‌രാജിലെ മഹാകുംഭമേളയിൽ പങ്കെടുത്തവരുടെ എണ്ണം 50 കോടി കടന്നു. ത്രിവേണി സംഗമത്തിൽ ഇതുവരെ 50 കോടി 4 ലക്ഷത്തിലധികം ഭക്തരാണ് പുണ്യസ്നാനം നടത്തിയത്. ഇതോടെ ചരിത്രത്തിലെ ഏറ്റവും വലിയ മത- സാംസ്കാരിക- സാമൂഹിക സമ്മേളനമായി കുംഭമേള മാറിയെന്ന് ഉത്തർപ്രദേശ് സർക്കാർ അറിയിച്ചു.

******************************

## ISRAEL-PALESTINE HOSTAGE

ഗാസയിൽ ഹമാസിന്റെ തടവിൽ നിന്ന് മോചിപ്പിക്കപ്പെടുന്ന മൂന്ന് ബന്ദികളുടെ പേരുകൾ ഇസ്രായേൽ പ്രഖ്യാപിച്ചു. ഖത്തർ, ഈജിപ്ത് എന്നീ രാജ്യങ്ങളുടെ മധ്യസ്ഥർ വഴിയാണ് പട്ടിക ഇസ്രായേലിന് കൈമാറിയത്. ഈ മൂന്ന് ബന്ദികളെ മോചിപ്പിക്കുന്നതിന് പകരമായി 369 പലസ്തീൻ തടവുകാരെ ഇസ്രായേൽ മോചിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഹമാസ് അറിയിച്ചു.

******************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 119-ാം പതിപ്പ് ഈമാസം 23ന് നടക്കും. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ജനങ്ങൾക്ക് ആശയങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം.

*

******************

******************************************